/5837378/2023

പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6265 07.11.2016 ൽ മറുപടിയ്ക്ക്

നേത്ര പരിശോധന സർട്ടിഫിക്കറ്റ് നൽകുന്നതിന് അംഗീകാരം

| ചോദ്യം<br>ശ്രീ.എം.എം. മണി | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള ആയൂർവ്വേദ ഡോക്ടർമാർക്ക് ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധന സർട്ടിഫിക്കറ്റ് നൽകുന്നതിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം ഇവർ നൽകുന്ന സർട്ടിഫിക്കറ്റിന് സാധൂകരണം നൽകിയിട്ടുണ്ടെന്ന വിവരം ബന്ധപ്പെട്ട ഓഫീസുകളിൽ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | എല്ലാ ഓഫീസുകളിലും അറിയിച്ചിട്ടുണ്ട്. |
| (സി) | ആയൂർവ്വേദ ഡോക്ടർമാർ നൽകുന്ന നേത്ര പരിശോധന സർട്ടിഫിക്കറ്റിന് അംഗീകാരം നൽകി എന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

ആരോഗ്യ വകുപ്പ് - ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള ആയുർവേദ ഡോക്ടർമാർ നൽകി വരുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റ് അംഗീകാരം നൽകുന്ന രീതി തുടരാൻ നിർദ്ദേശം നൽകി ഉത്തരവാകുന്നു.

ആരോഗ്യ (ബി) വകുപ്പ്.

സ.ഉ.(സാധാരണ) നം.291/16/ആരോ. തീയതി, തിരുവനന്തപുരം, 15/07/2016.

പരാമർശം :- 1. ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇൻഡ്യ ജനറൽ സെക്രട്ടറി 14/07/2015 ൽ സമർപ്പിച്ച നിവേദനം.
2. സി1/7851/റ്റി.സി./2006 എന്ന നമ്പരിലുള്ള ആരോഗ്യ കമ്മീഷണറുടെ 04/09/2015 ലെ കത്ത്.
3. എ2/127/2015/ആയുഷ് (170429) നമ്പരായുള്ള 13/06/2016 ലെ ആയുഷ് (എ) വകുപ്പിന്റെ കുറിപ്പ്.

ഉത്തരവ്

ആയുർവേദ നേത്രരോഗവിദഗ്ധർ നൽകുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റിന് മുമ്പുണ്ടായിരുന്ന അംഗീകാരം നില നിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സൂചന ഒന്ന് പ്രകാരം ആയുർവേദ മെഡിക്കൽ അസോസിയേഷൻ ജനറൽ സെക്രട്ടറി നിവേദനം സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ ആരോഗ്യവകുപ്പിന്റെ അഭിപ്രായം തേടാൻ ആരോഗ്യ കമ്മീഷണർ സൂചന രണ്ടിലെ കത്തിലൂടെ ആവശ്യപ്പെട്ടിരുന്നു. സർക്കാർ സർവ്വീസിൽ നിലവിൽ ജോലി നോക്കുന്ന ആയുർവേദ പി.ജി. നേടിയിട്ടുള്ള ഡോക്ടർമാർ നിലവിൽ ഭൗതിക സാഹചര്യമുള്ള ((Snellens chart. Opthalmoscope. Auto refracto meter. Field vision – Confrontation method. Ischihaeo chart) സ്ഥാപനങ്ങളിൽ നിന്നും നൽകിവരുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റ് അംഗീകരിക്കുന്ന രീതി തുടരാമെന്ന് സൂചന മൂന്നുപ്രകാരം ആയുഷ് (എ) വകുപ്പ് അഭിപ്രായപ്പെട്ടു.

മേൽ സാഹചര്യത്തിൽ എല്ലാവിധ ഭൗതിക സാഹചര്യങ്ങളും ഉള്ള ((Snellens chart. Opthalmoscope. Auto refracto meter. Field vision – Confrontation method. Ischihaeo chart) സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ശാലാക്യതന്ത്ര -

COPY TC

നേത്രരോഗ വിദഗ്ധൻ എം.ഡി/എം.എസ്. എന്നിങ്ങനെയുള്ള ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള ആയുർവ്വേദ ഡോക്ടർമാർ നൽകിവരുന്ന ഡ്രൈവിംഗ് ലൈസൻസിനുള്ള നേത്ര പരിശോധനാ സർട്ടിഫിക്കറ്റിന് അംഗീകാരം നൽകുന്ന രീതി തുടരാൻ ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം :

**മണിലാൽ. ബി.എസ്.**

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് :- ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.

ജനറൽ സെക്രട്ടറി,
ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ സ്റ്റേറ്റ്
സെന്റർ ഓഫീസ്, ശ്രീപാദതീർത്ഥം, തിരുവനന്തപുരം.

ആയുഷ് (എ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ